# പന്ത്രണ്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം
2006 ജൂൺ 26-ാം തീയതി തിങ്കളാഴ്ച
വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -25)

111) മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് നടപടി
112) ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ
113) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി
114) തൊഴിലാളി ക്ഷേമനിധി
115) ബാലവേല കർശനമായി തടയാൻ നടപടി
116) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കാൻ നടപടി
117) തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളുടെ പുനരധിവാസം
118) റോഡ് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി
119) ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടമായവരെ സഹായിക്കുന്നതിന് നടപടി
120) റോഡ് നവീകരണത്തിനായി നടപ്പാക്കുന്ന കെ. എസ്. ടി. പി.
121) തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് വർദ്ധന സംബന്ധിച്ച കോടതി സ്റ്റേ
122) കള്ളുവ്യവസായത്തിലെ മിനിമം വേജസ്
123) ഐ.ടി.ഐ.കളുടെ നിലവാരം മെച്ചപ്പെടുത്താൻ പദ്ധതി
124) എക്സ്പ്രസ്സ് ഹൈവേ പദ്ധതിയും നോർത്ത് - സൗത്ത് പാത നിർമ്മാണവും
125) ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം
126) കെ.എസ്.ടി.പി. -റോഡ് നിർമ്മിക്കുന്നതിനുള്ള ചെലവ് (ഉത്തരം ലഭ്യമല്ല)
127) കയറ്റിറക്കു കൂലി നിയന്ത്രണ നിയമം
128) ചുമട്ടുതൊഴിലാളി നിയമം
129) ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി
130) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് പുതിയ പദ്ധതികൾ
131) എക്സ്പ്രസ്സ് ഹൈവേയും തെക്ക്-വടക്ക് റോഡും
132) ജലഗതാഗതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി
133) തോട്ടം മേഖലയിലെ സമരം
134) തെക്ക്- വടക്ക് ഹൈവേ നിർമ്മാണം
135) തെക്ക് വടക്ക് റോഡ് നിർമ്മാണം

## മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് നടപടി

*111 ശ്രീ. പി.ടി.എ. റഹിം
,,കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീ. ആർ. സെൽവരാജ്
,, ബി. രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ശരിയായ രീതിയിൽ ടെസ്റ്റ് നടത്താതെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനായി ചിലർ ആർ.ടി. ഒ. ആഫീസുകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹനവകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) മോട്ടോർ വാഹന വകുപ്പിൽ അഴിമതിരഹിതമായ പ്രവർത്തനം ഉറപ്പാക്കാൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ആയതിനു വേണ്ടി നടപടികൾ നടപ്പാക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം ഉടനെ പൂർത്തിയാക്കുന്നതാണ്. കൂടാതെ മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുതലുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ സംസ്ഥാനതല മീറ്റിംഗ് വിളിച്ചുകൂട്ടി അഴിമതിരഹിത പ്രവർത്തനം ഉറപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും അതിനു വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുവാനും, ആവശ്യത്തിനുള്ള വാഹനങ്ങൾ വാങ്ങുവാനും നടപടികൾ നടത്തിവരുന്നു. അംഗീകൃത മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രം വകുപ്പിലെ സ്ഥലം മാറ്റങ്ങൾ നടത്തുന്നതാണ്.

(ബി) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് ചില ഡ്രൈവിംഗ് സ്ക്കൂളുകളും ഇടനിലക്കാരും ഇടപെടുന്നതായി പരാതിയുണ്ട്. ശരിയായ രീതിയിൽ ടെസ്റ്റ് നടത്താതെ ലൈസൻസ് നൽകുന്നവരുണ്ടെങ്കിൽ കണ്ടുപിടിച്ച് അവർക്കതിരെ കർശന നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മോട്ടോർ വാഹനവകുപ്പിലെ വിജിലൻസ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, തങ്ങളുടെ സ്ഥിരം പ്രവർത്തികൾക്കിടയിൽ അഡീഷണൽ ഡ്യൂട്ടിയായിട്ടാണ് വിജിലൻസ് വിഭാഗത്തിലെ ജോലി നോക്കിവരുന്നത്. പ്രസ്തുത കാര്യം പരിഗണിച്ച് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ബാർ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ

*112 ശ്രീ. പി. ജയരാജൻ
,, സാജുപോൾ
,, എം. ഹംസ
,, കെ. സി. രാജഗോപാലൻ
,, പി. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസ് നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നു വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് വ്യവസ്ഥകൾ ലംഘിച്ച് ബാർ ലൈസൻസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം നൽകിയ ബാർ ലൈസൻസുകൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ.ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)**

(എ) വിദേശമദ്യ ചട്ടം 13(3) ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് ബാർ ലൈസൻസുകൾ നൽകുന്നത്. അവ താഴെ പറയുന്നു.

1. ബാർ ലൈസൻസിന് അപേക്ഷിക്കുന്ന ഹോട്ടലിന് കേന്ദ്ര ഗവണ്മെന്റിന്റെ ടൂറിസം വകുപ്പ് നൽകുന്ന 3 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിലുയർന്ന ക്ലാസിഫിക്കേഷനോ ഉണ്ടായിരിക്കണം. ( മിനിമം 3 സ്റ്റാർ ക്ലാസിഫിക്കേഷനെങ്കിലുമുള്ള ഹോട്ടലുകൾക്ക് മാത്രമേ പുതിയ ബാർ ലൈസൻസ് അനുവദിക്കുകയുള്ളു. ) കൂടാതെ കേന്ദ്ര ഗവണ്മെന്റിന്റെ ടൂറിസം വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള ഹെറിട്ടേജ്, ഹെറിട്ടേജ് ഗ്രാന്റ് ,ഹെറിട്ടേജ് ക്ലാസിക് വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുവാൻ നിലവിൽ നിയമമുണ്ട്.
2. ബാർ ലൈസൻസിന് അപേക്ഷിക്കുന്ന ഹോട്ടൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ഷേത്രം, പള്ളി, മോസ്ക്, ശ്മശാനം തുടങ്ങിയവയിൽ നിന്നും കുറഞ്ഞത് 200 മീറ്റർ എങ്കിലും അകലെ സ്ഥിതി ചെയ്യുന്നവയായിരിക്കണം.
3. വിദേശമദ്യ ചട്ടം 13 A യിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും കൂടി പുതിയ ബാർ ലൈസൻസ് അനുവദിക്കുന്നതിന് ബാധകമാണ്. അവ താഴെ പറയുന്നു.
    1. പുതിയ ബാർ ലൈസൻസ് പ്രാദേശികാവശ്യത്തെ സാധൂകരിക്കുന്നതായിരിക്കണം.
    2. പുതിയ ബാർ ലൈസൻസ് സർക്കാരിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കാനിടവരരുത്.
    3. ബാർ ലൈസൻസ് ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ടാവരുത്.
    4. അപേക്ഷകൻ അബ്കാരി ആക്ട്. നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോ ട്രോപ്പിക് സബ്സ്റ്റൻസ് ആക്ട് തുടങ്ങിയ നിയമപ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുള്ള ആൾ ആവരുത്.
    5. അപേക്ഷകൻ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളയാളും ബാറിന്റെ ഉത്തരവാദിത്വങ്ങളെ ഏറ്റെടുത്ത് നടത്തുവാൻ കെല്പുള്ളയാളുമാവണം.

(ബി) വിദേശമദ്യ ചട്ടം 13(3) അനുസരിച്ചാണ് ഹോട്ടലുകൾക്ക് മദ്യം വിളമ്പുന്നതിന് ബാർ ലൈസൻസുകൾ നൽകുന്നത്. വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ അനുസരിച്ചാണ് ബാർ ലൈസൻസുകൾ നൽകാൻ നിയമം അനുശാസിച്ചിരുന്നത്. മുൻ സർക്കാരിന്റെ കാലത്ത് അപ്രൂവ്ഡ് ഹോട്ടലുകൾ, 2 സ്റ്റാർ നിലവാരമുള്ള ഹോട്ടലുകൾ, പ്രവർത്തനം മുടങ്ങിക്കിടന്ന ലൈസൻസുകൾ

പുതുക്കി നൽകിയവ എന്നീ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾക്കാണ് നിലവിൽ നിയമം ഇല്ലാതിരുന്നിട്ടും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബാർ ലൈസൻസുകൾ നൽകിയത്.

മുൻസർക്കാരിന്റെ ഭരണകാലത്ത് നിയമം ഇല്ലാതിരുന്നിട്ടും 16.07.2002–ൽ ഒ.പി. 7112/2002 ലെയും മറ്റനുബന്ധ കേസുകളിലും ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് ബാർ ലൈസൻസുകൾക്ക് അപേക്ഷ പരിഗണിക്കുമ്പോൾ അപേക്ഷ നൽകിയപ്പോൾ നിലവിലിരുന്ന ചട്ടം അനുസരിച്ച് വേണം തീരുമാനമെടുക്കുവാൻ എന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ്.

(സി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ടി ലൈസൻസുകൾ റദ്ദാക്കാൻ സാധിക്കുകയില്ല.

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

*113 ശ്രീ.സി. എം. ദിനേശ് മണി
ശ്രീ.കെ.കെ. ദിവാകരൻ
ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ
ശ്രീ.എം. ചന്ദ്രൻ
ശ്രീ.വി.ജെ. തങ്കപ്പൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗ് സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധിയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ബി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) പരിശോധിച്ചിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. വിവിധ തരം യാത്രാ സൗജന്യങ്ങൾ.
2. വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം.
3. സാമൂഹ്യ പ്രതിബദ്ധത മൂലം വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് ഓടിക്കുന്നതു കൊണ്ടുള്ള നഷ്ടം.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിൽ വന്ന വർദ്ധനവ്
5. പെൻഷൻ പറ്റിയ ജീവനക്കാർക്ക് നൽകിവരുന്ന പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും.
6. പെട്രോളിയം ഉൽപ്പന്നങ്ങളുടെ അടിക്കടിയുള്ള വിലവർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവ്. ഇതു മുഖേനെ പ്രതിമാസം നഷ്ടം 14.25 കോടി രൂപയാണ്.

(ബി) ഉണ്ട്. അവ താഴെ പറയുന്നു.

1. വരുമാനം കുറഞ്ഞ ഷെഡ്യൂളുകൾ പുന:ക്രമീകരിച്ചുവരുന്നു.
2. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് വിദഗ്ധ ട്രെയിനിംഗ് നൽകി വരുന്നു. തന്മൂലം ഇന്ധനത്തിന്റെ ചെലവ് കുറയ്ക്കാൻ കഴിയും.
3. സാമ്പത്തിക ലഭ്യതയനുസരിച്ച് പഴക്കം ചെന്ന ബസ്സുകൾ മാറ്റി പുതിയവ നിരത്തിലിറക്കാൻ പദ്ധതിയുണ്ട്. തന്മൂലം റിപ്പയറിംഗിന്റെയും മെയിന്റനൻസിന്റെയും ചെലവു കുറയ്ക്കാൻ കഴിയും.
4. കംപ്യൂട്ടറൈസേഷനും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീന്റെയും ഉപയോഗം വ്യാപിപ്പിച്ചുവരുന്നു.
5. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കുന്നുണ്ട്.
6. ബസ്സുകളിൽ പരിശോധന ശക്തമാക്കി വരുമാന ചോർച്ച തടയുന്നതിനും ഇൻവെന്ററി കണ്ട്രോളിൽ കംപ്യൂട്ടർ ഉൾപ്പെടെയുള്ള പദ്ധതികൾ ഏർപ്പെടുത്തി പർച്ചേയ്സിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ഉദ്ദേശിക്കുന്നു.
7. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കളക്ഷൻ കുറയ്ക്കുന്ന വിധമുള്ള അനധികൃത സമാന്തര സർവ്വീസുകൾ തടയുവാൻ നടപടികൾ സ്വീകരിക്കും.

## തൊഴിലാളി ക്ഷേമനിധി

*114 ശ്രീ. എം. ജെ. ജേക്കബ്
ശ്രീ. വി. എൻ. വാസവൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. സി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ക്ഷേമനിധി നിലവിലുള്ളത് എന്നു വിശദമാക്കാമോ;

(ബി) ഈ വിഭാഗം തൊഴിലാളികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കൂടുതൽ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ.ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)**

(എ) തൊഴിൽ വകുപ്പിന് കീഴിൽ വിവിധ തൊഴിൽ മേഖലകളിലായി 12 ക്ഷേമനിധി ബോർഡുകളും 2 വെൽഫയർ ഫണ്ട് സ്കീമുകളും പ്രവർത്തിച്ചുവരുന്നു. ഈ ബോർഡുകളുടെ കീഴിൽ കർഷക തൊഴിലാളികൾ, കള്ള് ചെത്ത് തൊഴിലാളികൾ, അബ്കാരി തൊഴിലാളികൾ, കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ ട്രാൻസ്പോർട്ട് മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, ഈറ്റ കാട്ടുവള്ളി , തഴ തൊഴിലാളികൾ, ബീഡി സിഗാർ തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബാർബർ - ബ്യൂട്ടീഷൻ തൊഴിലാളികൾ, അലക്ക് തൊഴിലാളികൾ, കൂടാതെ കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായിട്ടുള്ള മറ്റ് തൊഴിലാളികൾ എന്നിവർക്കാണ് ക്ഷേമനിധി നിലവിലുള്ളത്.

(ബി) കർഷക തൊഴിലാളി പെൻഷൻ, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡു നിലവിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കുള്ള പെൻഷൻ (ന്യൂ സ്കീം) കോഴിക്കോട്, കാസർഗോഡ് ജില്ലയിലെ ചുരുട്ടു തൊഴിലാളികൾക്കുള്ള പെൻഷൻ എന്നിവയാണ് സർക്കാർ ഫണ്ടുപയോഗിച്ച് ഇപ്പോൾ നൽകിവരുന്നത്. ഈ പെൻഷനുകളുടെ വിതരണത്തിൽ വന്ന കുടിശ്ശിക തീർക്കുവാനായി മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവരുടെ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ആലോചിക്കുന്നതാണ്. ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം അതാത് ബോർഡുകൾ പരിഗണിച്ച ശേഷം നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഉണ്ട്. സ്വർണ്ണ തൊഴിലാളികൾ, സ്വകാര്യ ആശുപത്രി, ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, പാർസൽ ജീവനക്കാർ, ചെറുകിട തോട്ടം തൊഴിലാളികൾ, പെട്രോൾ ബങ്ക് ജീവനക്കാർ, ടിംബർ ഡിപ്പോ തൊഴിലാളികൾ തുടങ്ങി അസംഘടിത അനൗപചാരിക മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ക്ഷേമപദ്ധതികൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു

## ബാലവേല കർശനമായി തടയാൻ നടപടി

*115 ശ്രീ. എം. ഉമ്മർ
,, പി.കെ. അബ്ദു റബ്ബ്
,, കെ. കുട്ടി അഹമ്മദ് കുട്ടി
,, സി.ടി. അഹമ്മദ് അലി
,, വി.കെ. ഇബ്രാഹിംകുഞ്ഞ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ബാലവേല കർശനമായി തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ.ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)**

(എ) ഉണ്ട. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം, 1993-ലെ കേരള ബാലവേല (നിരോധനവും നിയന്ത്രണവും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളാണ് ബാലവേല തടയുന്നതിനായി തൊഴിൽ വകുപ്പു നടപ്പാക്കിവരുന്നത്. ഇതിലെ വ്യവസ്ഥകളനുസരിച്ച് അപകടകരമായ തൊഴിലുകളിൽ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ നിയോഗിക്കുന്നത് മാത്രമേ നിരോധിച്ചിട്ടുള്ളു. അപകടകരമല്ലാത്ത തൊഴിലുകളിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി കുട്ടികളെ നിയോഗിക്കുന്നത് ഈ നിയമങ്ങൾ പ്രകാരം അനുവദനീയമാണ്. കേരളത്തിൽ ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിന് വേണ്ടി ഒരു നിയമം കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായി കേരളത്തിലെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറുമായി ജില്ലാ ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. ബാലവേല നിരുത്സാഹപ്പെടുത്തുന്നതിനും അവരുടെ ഭാവി ശോഭനമാക്കുന്നതിനുമായി ബോധവൽക്കരണമുൾപ്പെടെയുള്ള പരിപാടികൾ ഈ സൊസൈറ്റികൾ വഴി നടത്തിവരുന്നുണ്ട്.

## കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കാൻ നടപടി

*116 ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ.എ.കെ. ചന്ദ്രൻ
ശ്രീ.കെ. അജിത്
ശ്രീ.രാജാജി മാത്യു തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പു മന്ത്രി** സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പുതുക്കിയ മിമിനം കൂലി എന്നത്തേക്ക് നോട്ടിഫൈ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ ;

(സി) മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനെതിരെ തൊഴിലുടമകൾ തർക്കങ്ങൾ ഉന്നയിക്കുകയും ഫാക്ടറികൾ അടച്ചു പൂട്ടാൻ ശ്രമിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ.ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തൊഴിലാളി- തൊഴിലുടമ പ്രതിനിധികളുമായി ഗവണ്മെന്റ് ഈ പ്രശ്നം ഉടനെ ചർച്ച ചെയ്യുന്നതാണ്.

(സി) മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനത്തിന്മേൽ തൊഴിലുടമകൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ കാരണത്താൽ ഫാക്ടറികൾ അടച്ചു പൂട്ടിയിട്ടില്ല. ഏതാനും ഫാക്ടറികൾ അടച്ചു പൂട്ടിയതും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതുമായി പ്രത്യക്ഷത്തിൽ ബന്ധമില്ല.

## <u>തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളുടെ പുനരധിവാസം</u>

*117 ശ്രീ. കെ. ബി. ഗണേഷ്കുമാർ
,, തോമസ് ചാണ്ടി
,, കെ. കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം നടപ്പിലാക്കിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**
**ശ്രീ. പി.കെ.ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)**

(എ) ചാരായ നിരോധനം നടപ്പിലാക്കിയപ്പോൾ തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിലേക്ക് ഒരു കള്ളുഷാപ്പിൽ ഒരു ചാരായത്തൊഴിലാളിയെ വീതം നിയമിക്കുന്നതിനു തീരുമാനിക്കുകയും, ഇതിനായി 2002-ലെ മദ്യ ഷാപ്പ് വില്പന ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിരുന്നു. എന്നാൽ ബഹു. സുപ്രീം കോടതി 24.3.06-ൽ ഈ ഭേദഗതി അസാധുവാക്കിയിരിക്കുകയാണ്.

(ബി) ഗവണ്മെന്റ് ഇക്കാര്യം ആലോചിച്ചിട്ടില്ല.

## റോഡ് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

*118 ശ്രീ.മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.ബാബു പോൾ
ശ്രീ.എ.കെ. ചന്ദ്രൻ
ശ്രീ.പള്ളിപ്രം ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ ഇല്ലാതാക്കി റോഡ് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഒരു ഉന്നതതല കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നു വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശങ്ങളിൽ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപ്പാക്കിയവ ഏതെല്ലാമാണെന്നു വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി)**

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിന് എല്ലാ ജില്ലകളിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡും മേഖലാടിസ്ഥാനത്തിൽ ഫ്ളൈയിംഗ് സ്ക്വാഡും പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്പീഡ് ട്രയിസറിന്റെ സഹായത്താലും അമിത വേഗത കണ്ടുപിടിച്ച് വരുന്നുണ്ട്. അശ്രദ്ധമായ ഡ്രൈവിംഗ് ഒഴിവാക്കാൻ ഡ്രൈവർമാർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ജനുവരി ആദ്യവാരം റോഡ് സുരക്ഷാ വാരമായി ആചരിക്കുന്നുണ്ട്. അപകടസാധ്യത കൂടിയ സ്ഥലങ്ങളിൽ റോഡ് മാർക്കിംഗുകൾ നടത്തി വരുന്നുണ്ട്. കൂടാതെ വാണിംഗ് ബ്ലിങ്കേഴ്സ് ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവയും സ്ഥാപിച്ചുവരുന്നു.

(ബി) & (സി) സർക്കാർ ഉത്തരവ് എം.എസ്.നം. 1/2005 /ഗതാഗതം തീയതി 13.1.2005 പ്രകാരം ഗതാഗത കമ്മീഷർ, കൺവീനറായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ കൺവീനറായി ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റി അപകടകരമായ റോഡുകൾ അപകട സാധ്യത കൂടിയ ലൊക്കേഷനുകൾ എന്നിവ കണ്ടുപിടിച്ച് റിപ്പോർട്ടു നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കറക്ടീവ് മെഷേഴ്സ് (മരാമത്ത്) വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓവർസ്പീഡ് തടയുന്നതിന് സ്പീഡ് ബാരിയേഴ്സ് നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടമായവരെ സഹായിക്കുന്നതിന് നടപടി

*119 ശ്രീ.സി. പി. മുഹമ്മദ്
ശ്രീ.വർക്കല കഹാർ
പ്രൊഫ. കെ.വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം പിൻവലിയ്ക്കാനുദ്ദേശ്യമുണ്ടോ ;

(ബി) ഇല്ലെങ്കിൽ ചാരായ നിരോധനത്തിന്റെ പേരിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും പ്രത്യേക സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വിശദാംശം നൽകുമോ ?

**ഉത്തരം:- ശ്രീ. പി.കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

(ബി) & (സി) ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ കള്ളുഷാപ്പുകളിൽ നിയമിക്കാൻ S.R.O. No. 198/2002 പ്രകാരം ഗവൺമെന്റ് തീരുമാനിച്ചിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി 24..3..2006-ൽ ആ തീരുമാനം അസാധുവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

## റോഡ് നവീകരണത്തിനായി നടപ്പാക്കുന്ന കെ. എസ്. ടി. പി.

*120 ശ്രീ. സി. കെ. പി. പത്മനാഭൻ
,, പി. ടി. എ. റഹീം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ശശികുമാർ
,, കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നവീകരണത്തിനായി നടപ്പാക്കുന്ന കെ. എസ്. ടി. പി. യുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിൽ കോടിക്കണക്കിനു രൂപയുടെ വെട്ടിപ്പു നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രീ ക്വാളിഫിക്കേഷൻ ടെണ്ടറിന്റെ പേരിൽ അർഹതയുള്ള നിരവധി നിർമ്മാണ കമ്പനികളെ ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ഇതു സംബന്ധിച്ചു വിശദാംശം നൽകാമോ; കെ. എസ്. ടി. പി. കരാറും ബന്ധപ്പെട്ട പണികളും സംബന്ധിച്ചു അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. പി.ജെ. ജോസഫ്**
**( മരാമത്ത് വകുപ്പ് മന്ത്രി)**

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) അപ്ഗ്രഡേഷൻ വർക്കിൽ ലോകബാങ്കിന്റെ നിബന്ധനയനുസരിച്ച് അന്തർദേശീയ ടെണ്ടർ വിളിക്കേണ്ടതായിട്ടുള്ളതുകൊണ്ട് പ്രസ്തുത ടെണ്ടറിന് ആവശ്യമായ പ്രീ ക്വാളിഫിക്കേഷൻ യോഗ്യതയുള്ള കാരാറുകാരെ തിരഞ്ഞെടുത്ത് അവരിൽനിന്നാണ് ടെണ്ടർ സ്വീകരിച്ചിട്ടുള്ളത്.

## തോട്ടം തൊഴിലാളികളുടെ മിനിമം വേജസ് വർദ്ധന സംബന്ധിച്ച കോടതി സ്റ്റേ

*121 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ സ്റ്റേ ചെയ്തിരിക്കുന്നതു മൂലം കൂലി വർദ്ധന നടപ്പിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കോടതി സ്റ്റേ നീക്കിക്കിട്ടാനും മിനിമം വേജസ് നടപ്പിൽ വരുത്തുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

**ഉത്തരം:- ശ്രീ. പി.കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) തോട്ടമുടമകൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനുകളിന്മേൽ സർക്കാർ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. സ്റ്റേ നീക്കിക്കിട്ടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കള്ളുവ്യവസായത്തിലെ മിനിമം വേജസ്

*122 ശ്രീ.എ.പി. അനിൽകുമാർ
,, കെ. സുധാകരൻ
,, അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും എക്സൈസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കള്ളു വ്യവസായത്തിൽ മിനിമം വേജസ് ഏറ്റവും ഒടുവിൽ എന്നാണ് നിശ്ചയിച്ചത്;

(ബി) അതനുസരിച്ച് നിലവിലുള്ള കൂലി എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) കള്ളുവ്യവസായത്തിലെ മിനിമം വേജസ് പുതുക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ അതിനുവേണ്ടി മിനിമം വേജസ് കമ്മിറ്റിയെ നിയമിക്കുവാൻ നടപടിയെടുക്കുമോ?

**ഉത്തരം:- ശ്രീ. പി.കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) കള്ള് വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം 5..10..2000-ൽ ആണ് അവസാനമായി പുതുക്കി നിശ്ചയിച്ചത്.

(ബി) 1. കൂലി
തെങ്ങിൻ കള്ള് ലിറ്ററിന് - 7 രൂപ 25 പൈസ
പനങ്കള്ള് ലിറ്ററിന് - 4 രൂപ 50 പൈസ

ഒരുക്കുകൂലി (സംസ്ഥാനത്തൊട്ടാകെ)
(എ) തെങ്ങ് ഒന്നിന് - 75 രൂപ
(ബി) ചൂണ്ടപ്പന ഒന്നിന് - 150 രൂപ
(സി) കരിമ്പന ഒന്നിന് - 90 രൂപ

4 തെങ്ങ് അല്ലെങ്കിൽ 2 പന ചെത്തിയിട്ട് ക്ഷാമബത്ത ഉൾപ്പെടെ 60 രൂപ ഒരു ദിവസം കൂലി കിട്ടുന്നില്ല എങ്കിൽ അത്രയും സംഖ്യ മിനിമം ഗാരന്റീഡ് മിനിമം വേജസായി കൊടുക്കണം (തുടർച്ചയായി 45 ദിവസത്തേക്ക്)

(സി) ഉണ്ട്.

(ഡി) ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## ഐ.ടി.ഐ.കളുടെ നിലവാരം മെച്ചപ്പെടുത്താൻ പദ്ധതി

*123 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. വി. ശശികുമാർ
ശ്രീ. എ. എം. ആരിഫ്
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. എം. കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഐ.ടി.ഐ. കോഴ്സ് കഴിഞ്ഞവർക്ക് അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നതിന് നിലവിലുളള സംവിധാനം എന്തെല്ലാം എന്ന് വിശദമാക്കുമോ;

(സി) എല്ലാ ട്രേഡുകളിലേക്കും അപ്രന്റീസ് ട്രെയിനിംഗ് നൽകുന്നുണ്ടോ; ഇതിന്റെ ചുമതല ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ഐ.ടി.ഐ.കളിൽ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കാമ്പസ് സെലക്ഷൻ വഴി ജോലി ലഭിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുമോ?

### ഉത്തരം:- ശ്രീ. പി.കെ. ഗുരുദാസൻ
### (തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന റീവാംബിംഗ് ഓഫ് കോഴ്സ അഥവാ കോഴ്സുകളുടെ നവീകരണം എന്ന പദ്ധതിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ. ടി.ഐ കളെ മികവിന്റെ കേന്ദ്രങ്ങൾ ആയി ഉയർത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഐ.ടി.ഐ. കോഴ്സ് പാസ്സാകുന്നവർക്ക് അപ്രന്റീസ് പരിശീലനം ലഭിക്കുന്നതിനായി സംസ്ഥാനത്തെ അതാതു ജില്ലകളിലുള്ള ആർ.ഐ. സെന്ററുകളിൽ (റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്റർ) രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ ട്രേഡിലും രജിസ്റ്റർ ചെയ്തിരിക്കുന്നവരുടെ ലിസ്റ്റിൽ നിന്ന് സീനിയോറിറ്റി അടിസ്ഥാനത്തിൽ പാനൽ തയ്യാറാക്കി അതാത് ട്രെയിനിംഗ് ഓഫീസർമാരുടെ അധികാര പരിധിയിൽ വരുന്ന സ്ഥാപനമേധാവികൾക്ക് അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്.

(സി) ഡയറക്ടർ ജനറൽ ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് അംഗീകരിച്ചിട്ടുള്ള 153 ട്രേഡുകളിലാണ് അപ്രന്റീസ് പരിശീലനം നടത്തുന്നത്. (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു.) ഡയറക്ടർ ജനറൽ ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് ലേബർ, ഗവൺമെന്റ് ഓഫ് ഇൻഡ്യക്കാണ് ഇതിന്റെ ചുമതല. സംസ്ഥാനത്ത് ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത് സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറാണ്. സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർക്ക് കീഴിൽ ഡപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ, ജില്ലകളിൽ ട്രെയിനിംഗ് ഓഫീസർമാർ/അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർ എന്നീ ഉദ്യോഗസ്ഥരാണ് അപ്രന്റീസ് പരിശീലനം നടപ്പാക്കുന്നതിന്റെ ചുമതല നിർവഹിക്കുന്നത്.

(ഡി) നിലവിലുള്ള എല്ലാ ഐ.ടി.ഐകളിലും പ്ലെയിസ്മെന്റ് സെൽ പ്രകാരം ജോലി ലഭിക്കുന്നതിന് വേണ്ട സൗകര്യം ഇപ്പോൾതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

ANNEXURE-I

## List of designated trades in A T S

1. FITTER
2. TURNER
3. MACHINIST
4. MACHINIST (GRINDER)
5. PATTERN MAKER
6. FOUNDRY MAN
7. FORGER & HEAT TREATER
8. SHEET METAL WORKER
9. WELDER (GAS & ELECTRIC)
10. MOTOR VEHICLE BODYBUILDER .
11. ELECTRICIAN
12. LINEMAN
13. WIREMAN
14. AUTO ELECTRICIAN
15. ELECTRICIAN AIRCRAFT
16. WINDER (ARMATURE)
17. CABLE JOINTER
18. ELECTRICIAN (MINES)
19. ELECTROPLATER
20. CARPENTER
21. PLUMBER
22. MASON (BUILDING CONSTRUCTOR
23. FURNITURE & CABINET MAKER
24. SPORTS GOODS MAKER (WOOD)
25. MECHANIC MACHINE TOOL MAINTENANCE.
26. MECHANIC MAINTENANCE (TEXTILE MACHINERY) -
27. MECHANIC MAINTENANCE (CHEMICAL PLANT)
20. MECHANIC (DAIRY MAINTENANCE)
29. MECHANIC SEWING MACHINE
30. MECHANIC MINING MACHINERY
31. TOOL & DIE MAKER (DIES & MOULDS)
32. TOOL & DIE MAKER (PRESS TOOLS, JIGS & FIXTURES)
33. PLASTIC MOULD MAKER
34. INSTRUMENT MECHANIC
35. MECHANIC (INSTRUMENT AIRCRAFT)
3G. MECHANIC WATCH & CLOCK
37. REFRIGERATIOIN & AIR CONDITIONING MECHANIC
30. MECHANIC (MOTOR VEHICLE) '
39. MECHANIC (DIESEL)
40. MECHANIC TRACTOR -
41. MECHANIC EARTH MOVING MACHINERY
42. MECHANIC (MARINE DIESEL ENGJNES)
43. DRIVER CUM FITTER
44. AUTO MECHANIC 2/3 WHEELERS
45, DRAUGHTSMAN (CIVIIL)
46. DRAUGHTSMAN (MECHANIC) '.
47. SURVEYOR
48. FITTER STRUCTURAL
49. BOILER ATTENDANT
50. STEAM TURBINE CUM AUXILIARY PLAN *T* OPERATOR

51. SWITCH BOARD ATTENDANT
52. LINO OPERATOR
53. MONO KEY BOARD OPERATOR
54. MONO CASTOR OPERATOR
55. PROCESS CAMERAMAN
56. RETOUCHER LITHOGRAPHIC
57. ENGRAVER
58. BOOKBINDER
59. PLATE MAKER (LITHOGRAPHIC)
60. OFFSER MACHINE MINDER
61. APPRENTICE FOOD PRODUCTION (GENERAL)
62. APPRENTICE FOOD PRODUCTION (VEGETARIAN)
63. STEWARD
64. BAKER & CONFECTIONER
65. HOUSEKEEPER
66. HOTEL CLERK/RECEPTIONIST/FRONT OFFICE ASSISTANT
67. WEAVER
68.- DOFFER-CUM-PIECER
69. TENTER (DRAWING/SPEED/FLY FRAME)
70. WINDER (TEXTILE)
71. KNITTER (HOISERY)
72. PRINTING (TEXTILE)
73. CREEL BOY CUM WARPER
74. SIRDAR (CQLUER.YL
75. SHOTFIRER/BLASTER (MINES)
76. MATE (MINES)
77. ATTENDANT OPERATOR (CHEMICAL PLANT)
78. INSTRUMENT MECHANIC (CHEMICAL PLANT)
79. LABORATORY ASSISTANT (CHEMICAL PLANT
80. FIBRE REINFORCED PLASTIC PROCESSOR
81. PLASTIC PROCESSIONG OPERATOR
82. DESIGNER & MASTER CUTTER
83. TAILOR (MEN)
84. TAILOR (WOMEN)
85. TAILOR (GENERAL)
86. DRESS MAKER
87. EMBROJDERY& NEEDLE WORKER
88. MECHANIC (AGRICULTURAL MACHINERY)
89. HORTICULTURE ASSISTANT
90. STOCKMAN (DAIRY) ...
91. ATTENDANT OPERATOR (DAIRY) ;
92. PUMP OPERATOR CUM MECHANIC
93. SPORTS GOODS MAKER (LEATHER)
94. LEATHER GOODS MAKER
95. FOOT WEAR MAKER
96. FINISHED LEAThJER **MAKER**
97. MAINTENANCE MECHANIC LEATHER MACHINERY
98.- SHIPWRIGHT (STEEL)
99. PIPEFITTER
100. RIGGER

101. GAS CUTTER
102. SHIPWRIGHT (WOOD)
103. MECHANIC RADIO & RADAR AIRCRAFT
104. ELECTRONICS MECHANIC
105. MECHANIC TELEVISION (VIDEO)

106. PHOTOGRAPHER
107. BRICK LAYER (REFRACTORY)
108. FURNACE OPERATOR (STEEL INDUSTRY)
109. STEEL MELTING HAND
110.CRANE OPERATOR (OVERHEAD STEEL INDUSTRY)
111. BEAUTICIAN
112. HAIR DRESSER
113. HEALTH & SLIMMING ASSISTANT
114. CERAMIC MOULDER
115. CERAMIC CASTER
116. CERAMIC KILN OPERATOR
117.CERAMIC PRESS OPERATOR j .
118. CERAMIC DECORATOR
119. MOULDER (REFRACTORY)
120. ENAMEL GLAZER
121. INSULATOR MAKER.MACHINE OPERATOR (CERAMIC)
122. OPTICAL WORKER
123. PA1NTER.(GENERA'4- :
124. PAINTER (MARINE)
125. DATA PREPARATION & COMPUTER SOFTWARE
126. DESKTOP PUBLISHING OPERATOR
127. ADVANCED ATTENDANT OPERATOR (PROCESS)
128. OPERATOR CUM MECHANIC POLLUTION CONTROL EQPT.
129. MECHANIC MEDICAL EQPT FOR HOS & OCC. H.C
130. MECHANIC INDUSTRIAL ELECTRONICS
131. MECHANIC ADV. MACHINE TOOL MAINTENANCE
132. OPERATOR ADVANCED MACHINE TOOL
133. POWER ELECTRICAN
134. OPERATOR CUM MECHANIC POWER PLANT
135. FRUIT & VEGETABLE PROCESSOR
136. MATERIAL HANDLING EQUIP MECH-CUM-OPERATOR
137. CONSTRUCTION MACHINERY MECHANIC-CUM-OPERATOR
138. HAIR AND SKIN CARER
139. UPHOLDSTER
140. PROGRAMMING & SYSTEMS ADMINISTRATION ASSISTANT
141. JEWELLERY & PRECIOUS METALWORKER
142. BARBAR/HAIR CUTTER DRESSER
143. TYPE REPAIRER
144. PRUNER TEA GARDENS
145. GARDENER .
146. BATTERY REPAIRER
147. SCREEN N PRINTING
148. BEAUTICIAN ASSISTANT
149. CABLE TELEVISION OPERATOR
150. CALL CENTRE ASSISTANT
151. MEDICAL LABORATORY TECHNICIAN (PATHOLOGY)
152. MEDICAL LABORATORY TECHNICIAN (RADIOLOGY)
153. MEDICAL LABORATORY TECHNICIAN (CARDIOLOGY)

## എക്സ്പ്രസ്സ് ഹൈവേ പദ്ധതിയും നോർത്ത് - സൗത്ത് പാത നിർമ്മാണവും

*124 ശ്രീ. റോഷി അഗസ്റ്റിൻ
,, ജോസഫ് എം. പുതുശ്ശേരി
,, കെ. എം. മാണി
,, തോമസ് ചാഴികാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേ പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ പ്രവർത്തനം എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) നോർത്ത് സൗത്ത് പാത നിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ ജില്ലകൾ വഴിയാണ് പ്രസ്തുത പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാത നിർമ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന്റെ നടത്തിപ്പിനുള്ള തുക എവിടെ നിന്ന് കണ്ടെത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തകമാക്കാമോ?

**ഉത്തരം:- ശ്രീ. പി.ജെ. ജോസഫ്**
**( മരാമത്ത് വകുപ്പ് മന്ത്രി)**

(എ) ഉണ്ട്. വിശദമായി പദ്ധതിരൂപരേഖ ഉണ്ടാക്കാൻ ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചെങ്കിലും പൊതുവേയുണ്ടായ എതിർപ്പുമൂലം പണി മുടങ്ങിക്കിടക്കുകയാണ്.

(ബി) (സി) & (ഡി) ഇങ്ങനെ ഒരാശയം ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച പഠനവും പരിശോധനയും നടക്കുന്നതേയുള്ളു. പ്രാഥമിക പഠന റിപ്പോർട്ട് കിട്ടിയാൽ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നയം

*125 ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീമതി. കെ. കെ. ലതിക
'' ജെ. അരുന്ധതി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി. വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരം ഒഴിയുന്നതിന് തൊട്ടുമുമ്പ് 31 ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിനായി വിജ്ഞാപനം ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവ് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും മുൻസർക്കാരിന്റെ കാലത്ത് സപ്ലിമെന്റേഷൻ സ്കീമിൽ വരുന്ന 31 റൂട്ടുകളിൽ കെ. എസ്.ആർ.ടി.സി.യോടൊപ്പം പ്രൈവറ്റ് ബസ്സുകൾക്ക് കൂടി സർവ്വീസ് നടത്തുന്നതിന് സപ്ലിമെന്റേഷൻ സ്കീമിന് ഭേദഗതി വരുത്തിക്കൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം 9..05..2006 ലെ 12951/ബി1/2001/ട്രാൻസ് എന്ന നമ്പരിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.യും തൊഴിലാളി സംഘടനകളും ഇതിനെ എതിർക്കുന്നുണ്ട്. ഇത്തരം പരാതികളും നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടിയ ശേഷം യുക്തമായ ഒരു തീരുമാനം എടുക്കുന്നതാണ്.

(സി) കോടതി നടപടിയും നിയമവകുപ്പിന്റെ അഭിപ്രായവും പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

## <u>കെ.എസ്.ടി.പി. -റോഡ് നിർമ്മിക്കുന്നതിനുള്ള ചെലവ്</u>

*126 ശ്രീ. എം.എ. വാഹീദ്
,, എം.മുരളി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രകാരം സംസ്ഥാനത്ത് ഇനി എത്ര കിലോമീറ്റർ റോഡുകൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; അതിന് എന്തു തുക ചെലവാകുമെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിച്ച റോഡുകളുടെ എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ടോ;

(സി) എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഇവ നിർമ്മിക്കുന്നതിന് എന്ത് അധിക ച്ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

**(ഉത്തരം ലഭ്യമല്ല)**

# കയറ്റിറക്കു കൂലി നിയന്ത്രണ നിയമം

*127 ശ്രീ. കെ. എം. മാണി
,, തോമസ് ചാഴികാടൻ
,, റോഷി അഗസ്റ്റിൻ
,, ജോസഫ് എം. പുതുശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) 2002-ലെ കേരള ലോഡിംഗ് & അൺലോഡിംഗ് (നഗുലെഷൻ ഓഫ് വേജസ് ആന്റ് റസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിൽപ്പിന്നെ കയറ്റിറക്കു മേഖലയിൽ തർക്കങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങളുണ്ടായാൽ ആയതു പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം:- ശ്രീ. പി.കെ. ഗുരുദാസൻ
## (തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) 2002ലെ കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റഗുലേഷൻ ഓഫ് വേജസ് ആന്റ് റസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ടി പുതിയതായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) കയറ്റിറക്ക് മേഖലയിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമവും അതനുസരിച്ചുള്ള 1983 ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയും നിലവിൽ വന്നതോടുകൂടി കയററിറക്ക് രംഗത്ത് തൊഴിൽ സമാധാന അന്തരീക്ഷം നിലവിൽ വന്നു.

(സി) 1978 ലെ കേരള ചുമട്ടുതൊഴിലാളി നിയമം വകുപ്പ് 21 പ്രകാരം കയറ്റിറക്ക് മേഖലയിൽ തർക്കങ്ങൾ ഉണ്ടാകുന്നപക്ഷം ആ പ്രദേശത്തെ അധികാരപരിധിയുള്ള അസിസ്റ്റന്റ് ലേബർ ഓഫീസർക്ക് ഒത്തുതീർപ്പ് നടപടികൾ നടത്താവുന്നതാണ്. പരിഹാരം ഉണ്ടാകാത്തപക്ഷം മേൽ നിയമത്തിലെ വകുപ്പ് 3 പ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനത്തിൽ നിർദേശിച്ചിട്ടുള്ള കൺസിലിയേഷൻ ഓഫീസർമാർക്ക് റഫർ ചെയ്യാവുന്നതാണ്. അവരുടെ തീരുമാനത്തിൽ ആക്ഷേപം ഉള്ളപക്ഷം മേൽ നിയമത്തിലെ വകുപ്പ് 4 പ്രകാരം നിയോഗിക്കപ്പെടുന്ന അപ്പീൽ അധികാരികൾ മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

## ചുമട്ടുതൊഴിലാളി നിയമം

*128 ശ്രീ. എസ്. രാജേന്ദ്രൻ
,, എം. ഹംസ
,, ആർ. സെൽവരാജ്
,, കെ. വി. കുഞ്ഞിരാമൻ
,, കെ. സി. രാജഗോപാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ ചുമട്ടു തൊഴിലാളി നിയമം റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നോ; എങ്കിൽ എന്നു മുതലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ;

(സി) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾക്ക് സർക്കാർ രൂപം നൽകിയിരുന്നോ;

(ഡി) പ്രസ്തുത നിയമം അനുസരിച്ച് രൂപീകരിക്കേണ്ടിയിരുന്ന, ട്രേഡ് യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട ഉപദേശക സമിതികൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ?

**ഉത്തരം:– ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) തീരുമാനിച്ചിട്ടില്ല

(ബി) ഈ നിയമം 5-11-2002 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയതായി പ്രഖ്യാപിച്ചു.

(സി) ചട്ടങ്ങൾ രൂപീകരിച്ചിരുന്നു.

(ഡി) തൊഴിലാളി സംഘടനകളുടെ എതിർപ്പ് കാരണം ഉപദേശക സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞില്ല.

## ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി

*129 ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തൊഴിലും എക്സൈസും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നിയമസഭയിൽ പാസാക്കിയ ചമട്ടു തൊഴിലാളി നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ആലോചനയുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം:- ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) തീരുമാനിച്ചിട്ടില്ല

(ബി) ബാധകമല്ല

## സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് പുതിയ പദ്ധതികൾ

*130 ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. വി. ശിവൻകുട്ടി
,, എം. എം. മോനായി
,, രാജു എബ്രഹാം
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സർക്കാർ ആവശ്യത്തിനുള്ള അച്ചടി പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി) പാഠപുസ്തകങ്ങൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന് താഴെപ്പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

1. സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി അച്ചടി ജോലികൾ പൂർണ്ണമായും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യുവാൻ തക്കവണ്ണമുള്ള ആധുനിക യന്ത്രങ്ങൾ കൂടുതലായി വാങ്ങുവാൻ ഉദ്ദേശിക്കുന്നു.
2. വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം ഏറി വരുന്ന സാഹചര്യത്തിൽ അച്ചടി വകുപ്പിനുവേണ്ടി ഒരു വെബ്സൈറ്റ് തുടങ്ങുവാനും പൊതുജനങ്ങൾക്ക് സർക്കാർ ഗസറ്റ് അപ്പപ്പോൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നതിനും എല്ലാ പ്രസ്സുകളെയും കമ്പ്യൂട്ടർ നെറ്റ്വർക്കിലൂടെ ബന്ധിപ്പിക്കുവാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) സർക്കാർ ചുമതലപ്പെടുത്തുന്ന അച്ചടി പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കാൻ കഴിയുന്നുണ്ട്. എന്നാൽ സർക്കാരിന്റെ വർദ്ധിച്ചുവരുന്ന അച്ചടി ആവശ്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ആധുനിക സൗകര്യങ്ങളുടെ അഭാവം മൂലം സർക്കാർ ആവശ്യത്തിനുള്ള അച്ചടി പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കാൻ സാധ്യമല്ലാത്ത അവസ്ഥയുണ്ട്.

(സി) പ്രസ്തുത വിഷയം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. 2006-2007 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി പൂർണ്ണമായും സർക്കാർ മേഖലയിലുള്ള കാക്കനാട്ടെ കേരള ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റിക്കാണ് നൽകിയത്. 2005-2006 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിലും, കെ.ബി.പി.എസ്. ലും, കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുമായിട്ടാണ് അച്ചടിച്ചത്.

## എക്സ്പ്രസ്സ് ഹൈവേയും തെക്ക്-വടക്ക് റോഡും

*131 ശ്രീ. കെ. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്സ് ഹൈവേയും ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന തെക്ക്-വടക്ക് റോഡും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) തെക്ക്-വടക്ക് റോഡിൽക്കൂടി സഞ്ചരിക്കുന്ന വാഹനങ്ങൾ ടോൾ കൊടുക്കേണ്ടതായി വരുമോ;

(സി) തെക്ക്-വടക്ക് റോഡിന് എന്തു ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ?

**ഉത്തരം:- ശ്രീ. പി. ജെ. ജോസഫ്**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) എക്സ്പ്രസ്സ് ഹൈവേ (കേരളാ അതിവേഗ പാത) മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള നിയന്ത്രിത പ്രവേശനമുള്ളതും ഉദ്ദേശം 600 കി.മി. നീളമുള്ളതും തിരക്കേറിയ സ്ഥലങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ളതുമായ ഒരു പാതയാണ്. എന്നാൽ തെക്കുവടക്ക് റോഡ് നിർമ്മാണം സംബന്ധിച്ച് തീരുമാനങ്ങളൊന്നും സർക്കാർ തലത്തിൽ എടുത്തിട്ടില്ല.

(ബി) & (സി) ബാധകമല്ല

## ജലഗതാഗതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നടപടി

*132 ശ്രീ. സി. കെ. സദാശിവൻ
ശ്രീ. പി. വിശ്വൻ
ശ്രീ. എ. എം. ആരിഫ്
ശ്രീ. എം. കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(സി) ഹോസ്ദുർഗ്ഗ് മുതൽ കൊല്ലം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. മാത്യു ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലുള്ള പദ്ധതി കോഴിക്കോട് ജില്ലയിലെ ബേപ്പൂർ-ചാലിയം ഫെറി സർവ്വീസ് ഏറ്റെടുക്കുന്നതിനുള്ളതാണ്. കൂടാതെ പശ്ചിമ തീര കനാലിന്റെ കോവളം മുതൽ കൊല്ലം വരെ 74 കിലോമീറ്റർ ഭാഗവും കോട്ടപ്പുറം മുതൽ നീലേശ്വരം വരെ 348 കിലോമീറ്റർ ഭാഗവും സംസ്ഥാന ജല പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) & (ഡി) പശ്ചിമ തീര കനാലിന്റെ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗവും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം ഉപയോഗപ്പെടുത്തി വികസിപ്പിക്കുന്നതിലേക്ക് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടുണ്ട്. അതിനു കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

## തോട്ടം മേഖലയിലെ സമരം

*133 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾ നടത്തിവരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യയനവർഷാരംഭത്തിൽ തൊഴിലാളികൾക്ക് ലഭിക്കേണ്ട സ്കൂൾ അഡ്വാൻസ് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തൊഴിലാളികൾക്ക് സ്കൂൾ അഡ്വാൻസ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. പി. കെ. ഗുരുദാസൻ**
**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള 18-2-2006-ലെ സർക്കാർ വിജ്ഞാപനം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വിജ്ഞാപനപ്രകാരമുള്ള കൂലിനിരക്കു നടപ്പിലാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ 25-5-2006 നു ആരംഭിച്ച പൊതുപണിമുടക്ക് റബ്ബർ മേഖലയിൽ 23-6-2006 വരെ തുടരുകയായിരുന്നു. ലേബർ കമ്മീഷണർ ഇതിൻമേൽ നിരവധി ചർച്ചകൾ നടത്തുകയും 23-6-2006-ൽ ഒരു ഒത്തുതീർപ്പിലെത്തുകയും ചെയ്തു.

(സി) & (ഡി) അദ്ധ്യയന വർഷാരംഭത്തിൽ തോട്ടം തൊഴിലാളികൾക്ക് സ്കൂൾ അഡ്വാൻസ് നൽകാറില്ല. മുൻവർഷങ്ങളിലെപ്പോലെ ഇവരുടെ മക്കൾക്ക് ഈ വർഷവും പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ഫണ്ടുപയോഗിച്ച് പഠനോപകരണങ്ങൾ, യൂണിഫോം, കുട എന്നിവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## തെക്ക്-വടക്ക് ഹൈവേ നിർമ്മാണം

*134 ശ്രീ. അടൂർ പ്രകാശ്
,, എ. പി. അനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മരാമത്ത് വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ

(എ) തെക്ക്-വടക്ക് ഹൈവേ ഉണ്ടാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എന്തെങ്കിലും വിധത്തിലുള്ള സർവ്വേ നടത്തിയശേഷമാണോ തെക്ക് -വടക്ക് ഹൈവേ യുടെ ആവശ്യകത ബോദ്ധ്യപ്പെട്ടത് എന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച വിശ ദാംശം നൽകുമോ?

**ഉത്തരം:- ശ്രീ. പി. ജെ. ജോസഫ്**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) ഇതു സംബന്ധിച്ചുള്ള പഠനം നടന്നുവരുന്നതേയുള്ളൂ. ഏകദേശം 600 കി.മീ. നീളവും 150 കി.മീ. വീതിയും ഉള്ള കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് പരിഗണിക്കുമ്പോൾ തെക്കുവടക്ക് ആയിട്ടാണ് ഏറ്റവും പ്രാധാന്യമുള്ള വീഥികൾ നിർമ്മിക്കേണ്ടത് എന്ന ശക്തമായ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

(ബി) ബാധകമല്ല.

## <u>തെക്ക് വടക്ക് റോഡ് നിർമ്മാണം</u>

*135 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെക്ക് വടക്ക് റോഡ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിർദ്ദിഷ്ട എക്സ്പ്രസ്സ് ഹൈവേയുമായുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തെക്ക്-വടക്ക് റോഡിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) ഇതിനുള്ള സർവ്വേ നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(ഇ) അത് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

**ഉത്തരം:- ശ്രീ. പി. ജെ. ജോസഫ്**
**(മരാമത്ത് വകുപ്പു മന്ത്രി)**

(എ) ഇതു സംബന്ധിച്ചുള്ള പഠനം നടന്നുവരുന്നതേയുള്ളു. ഏകദേശം 600 കി.മീ. നീളവും 150 കി.മീ. വീതിയുമുള്ള കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് പരിഗണിക്കുമ്പോൾ തെക്ക് വടക്ക് ആയിട്ടാണ് ഏറ്റവും പ്രാധാന്യമുള്ള വീഥി നിർമ്മിക്കേണ്ടത് എന്ന ശക്തമായ അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

(ബി),
(സി),
(ഡി) ബാധകമല്ല.
&
(ഇ)